**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മുതുകുളം ബ്ലോക്ക് പഞ്ചായത്ത് - ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ.കെ.രാധാകൃഷ്ണന് ഹൃദ്രോഗ ചികിത്സയ്ക്കായി 5,00,000/- രൂപ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്ന് നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).408/14/തസ്വഭവ തീയതി, തിരുവനന്തപുരം, 13.02.2014

==========================================================================

പരാമർശം: മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 18.01.2014 ലെ കത്ത്.

**ഉത്തരവ്**

മുതുകുളം ബ്ലോക്ക് പഞ്ചായത്ത് മെമ്പറായ ശ്രീ.കെ.രാധാകൃഷ്ണൻ അതീവഗുരുതരമായ ഹൃദ്രോഗബാധയാൽ ചികിത്സയിലാണെന്നും ടിയാന്റെ ചികിത്സക്കായി ഏകദേശം 5,00,000/- രൂപ ചെലവ് വരുമെന്നും ഇദ്ദേഹം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വളരെ നിർദ്ധനകുടുംബത്തിലെ അംഗമായതിനാൽ ചികിത്സയ്ക്കുള്ള തുക കണ്ടെത്തുന്നത് വളരെ പ്രയാസകരമാണെന്നും ആയതിനാൽ ടിയാന്റെ ചികിത്സയ്ക്ക് ആവശ്യമായി വരുന്ന തുക ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്ന് നൽകുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കണമെന്ന് പരാമർശ പ്രകാരം മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുതുകുളം ബ്ലോക്ക് പഞ്ചായത്ത് മെമ്പറായ ശ്രീ.കെ.രാധാകൃഷ്ണന്റെ ചികിത്സക്കായി 5,00,000/- (അഞ്ചു ലക്ഷം രൂപ) രൂപ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
അനിത ദാമോദരൻ,
ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

2. സെക്രട്ടറി/പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, മുതുകുളം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ